II.ഇ. ബി. XII – കേരള നിയമസഭ/XII-6

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16(*151) ആസിയാൻ കരാർപ്രകാരമുള്ള നെഗറ്റീവ് ലിസ്റ്റ്

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ആസിയാൻ കരാറിലെ നെഗറ്റീവ് അഥവാ എക്സ്ക്ലൂഷൻ ലിസ്റ്റിലുള്ള ഉൽപ്പന്നങ്ങളുടെ നിലവിലുള്ള തീരുവയായി കണക്കാക്കിയിരിക്കുന്നത് 2007-ലെ തീരുവ നിരക്കായതിനാൽ 2008-ലോ 2009-ലോ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അനിയന്ത്രിതമായ ഇറക്കുമതി ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് സഭയെ അറിയിച്ചു. നിലവിലുള്ള തീരുവ പ്രകാരം ഇറക്കുമതി തുടരും. ആസിയാൻ കരാറിൽ സ്പെഷ്യൽ പ്രോഡക്ടായി ഉൾപ്പെടുത്തിയിട്ടുള്ള ക്രൂഡ് പാമോയിലിന്റെ തീരുവ നിരക്ക് 2007-ലെ 80 ശതമാനത്തിൽ നിന്ന് 2019 -ഓടെ 37.5 ശതമാനമായി കുറയ്ക്കാനാണ് സമ്മതിച്ചിരിക്കുന്നത്. എന്നാൽ 2009 മാർച്ചിൽ ക്രൂഡ് പാമോയിലിന്റെ തീരുവ 0% ആയി കുറച്ചതിനാൽ പാമോയിൽ ഇറക്കുമതിയിൽ വൻ വർദ്ധനയുണ്ടായിട്ടുണ്ട്. ആസിയാൻ കരാർ നിലവിൽ വന്ന് ഒരു

വർഷത്തിനുശേഷം അത് പുന:പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നെഗറ്റീവ് ലിസ്റ്റുകൊണ്ടുമാത്രം കേരളത്തിന് പരിരക്ഷയാവുകയില്ല. കുരുമുളക്, തേയില, കയർ ഉൽപ്പന്നങ്ങൾ, സമുദ്രോൽപ്പന്നങ്ങൾ തുടങ്ങിയവ കയറ്റുമതി ചെയ്യുന്ന ആസിയാൻ രാജ്യങ്ങൾക്ക് ഇൻഡ്യൻ വിപണി തുറന്നുകൊടുത്താൽ കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവുണ്ടാകും. നാളികേരം, കൊപ്ര, കുരുമുളക്, വെളിച്ചെണ്ണ, ഏലം, ഇഞ്ചി, കാപ്പി, മഞ്ഞൾ, തേയില, സ്വാഭാവിക റബ്ബർ, പ്രധാനപ്പെട്ട മൽസ്യ ഇനങ്ങൾ എന്നിവ സംരക്ഷിത പട്ടികയിൽപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ പ്രധാന ഉൽപ്പന്നങ്ങളെ നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തി സംരക്ഷിക്കുന്നതിന് തുടർന്നും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഇൻഡ്യയെപ്പോലുള്ള സംസ്ഥാനങ്ങളോട് പ്രത്യേക പരിഗണന കാണിക്കേണ്ട കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നേരിടാൻ ഇടയുള്ള സ്ഥിതിഗതികളെ സംബന്ധിച്ച് പരിഗണിക്കാതെയാണ് ആസിയാൻ കരാറിൽ ഏർപ്പെട്ടത്. ആസിയാൻ കരാർ ഒപ്പിട്ടു കഴിഞ്ഞാൽ കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി കേരളത്തിലെ കേന്ദ്ര മന്ത്രിമാരെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാമെന്ന് അറിയിച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റി രൂപീകരിച്ച കാര്യം ഇതുവരെ കേന്ദ്ര ഗവണ്മെന്റ് അറിയിച്ചിട്ടില്ല. പാമോയിലിന്റെ ഇറക്കുമതിയിലൂടെ നാളികേരത്തിന്റെ വിലയിടിയാൻ ഇടയുള്ള നയസമീപനങ്ങളാണ് കേന്ദ്ര ഗവണ്മെന്റ് മുമ്പും സ്വീകരിച്ചുകൊണ്ടിരുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ നയസമീപനങ്ങളുടെ ഫലമായി നട്ടം തിരിയുന്ന കേരകർഷകർക്ക് ഈ കരാർ കൂടി പ്രാബല്യത്തിൽ വരുമ്പോൾ വലിയ പ്രതിസന്ധിയെയാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ഗുണകരമായി

ട്ടുള്ള യാതൊരു കാര്യവും ഈ കരാർ മുഖേന ഉണ്ടാകാത്ത സാഹചര്യത്തിൽ കേരളത്തിന്റെ പ്രതിഷേധം അറിയിച്ചുകൊണ്ട് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേന്ദ്രത്തിനു മുന്നിൽ സമർപ്പിച്ചിരിക്കുകയാണെന്നും തുടർന്നും എടുക്കേണ്ട നടപടികളെ സംബന്ധിച്ച് സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യാമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

17(*152) <u>ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, ആദിവാസികളുടെ ക്ഷേമത്തിനായി വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന കൂടുതൽ തൊഴിലവസരങ്ങൾ നൽകുക, ആദിവാസികൾക്കുവേണ്ടി പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കുക, ആദിവാസികളുടെ ഭവന നിർമ്മാണത്തിനുവേണ്ടി സൗജന്യ നിരക്കിൽ തടി ലഭ്യമാക്കുക, വന്യജീവികളിൽ നിന്നും സംരക്ഷണം നൽകുന്നതിനുവേണ്ടി ഊരുകൾക്കു ചുറ്റും സൗരോർജ്ജവേലികളും കിടങ്ങുകളും നിർമ്മിക്കുക, വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് ധനസഹായം നൽകുക, വന്യജീവി ആക്രമണം മൂലം കൃഷി നശിക്കാൻ ഇടയായാൽ നഷ്ടപരിഹാരം നൽകുക, വനങ്ങളിൽ നിന്നുള്ള ചെറുകിട വനവിഭവങ്ങളുടെ സംഭരണാവകാശം ആദിവാസികൾക്ക് ലഭ്യമാക്കുക, ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി വനവൽക്കരണം നടത്തുന്ന ആദിവാസി സമൂഹങ്ങളുടെ ക്ഷേമത്തിനായി ഗ്രാമവികസന പ്രവർത്തനങ്ങൾ നടത്തുക, ഇക്കോടൂറിസം നടത്തിപ്പ് മുഖേന തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുക എന്നിവയാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളെന്ന് സഭയെ അറിയിച്ചു. പട്ടിക

ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പരമ്പരാഗത തൊഴിലാളികൾക്കും മുളയും ഈറ്റയും സൗജന്യനിരക്കിൽ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനവൽക്കരണവും വനപരിപാലനവും സംബന്ധിച്ച പ്രവൃത്തികൾക്ക് അടിസ്ഥാനവേതനവും ഉപഭോക്തൃ വിലസൂചിക അടിസ്ഥാനമാക്കിയുള്ള വേരിയബിൾ ഡിയർനസ്സ് അലവൻസും കൂടിയുള്ള വേതനം നൽകുന്നുണ്ട്. വനവികാസ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിൽ അംഗങ്ങളായിട്ടുള്ള ആദിവാസികൾ വനസംരക്ഷണത്തിൽ സജീവമായി പങ്കാളികളാകുന്നുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ ആദിവാസികൾക്ക് പരമാവധി മുൻഗണന കൊടുക്കുന്നതോടൊപ്പം നല്ല പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് സമ്മാനങ്ങളും കൊടുക്കുന്നുണ്ട്. കൂടാതെ ആദിവാസികൾക്ക് മാത്രമുള്ള വി.എസ്.എസ്.-ഉം ഇ.ഡി.സി. കളും പ്രവർത്തിക്കുന്നുണ്ട്. വനസംരക്ഷണത്തിന് ഹാനികരമാകുന്ന കാട്ടുതീ, വ്യാജവാറ്റ്, നായാട്ട്, കഞ്ചാവുകൃഷി മുതലായവ തടയുന്ന പ്രവർത്തനങ്ങളിൽ അവരുടെ സേവനം അത്യധികം പ്രയോജനപ്പെടുത്തുന്നതിന് വനം വകുപ്പ് ജാഗ്രത പുലർത്തുന്നുണ്ട്. വനാവകാശ നിയമം ഉപയോഗപ്പെടുത്തി ആദിവാസിമേഖലയിലെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ആദിവാസി ഭൂ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ നോഡൽ ഏജൻസി പട്ടികവർഗ്ഗക്ഷേമവകുപ്പാണെങ്കിലും റവന്യൂ, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനായി മുഖ്യമന്ത്രി തലത്തിലും മന്ത്രി തലത്തിലും യോഗങ്ങൾ ചേരുകയും എല്ലാ സ്ഥലങ്ങളിലും പ്രാഥമികമായ ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികളും ഡിവിഷണൽ കമ്മിറ്റികളും രൂപീകരിക്കു

ന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. . വിട്ടുപോയ പ്രദേശങ്ങളെ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ഈ കമ്മിറ്റികൾ സജീവമാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. ആദിവാസികൾ സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വേ നടത്തി അവർക്ക് ഭൂമി ലഭ്യമാക്കാനുള്ള അധികാരം ഗ്രാമസഭകൾക്കും ഊരുകൂട്ടങ്ങൾക്കുമുണ്ട്. ഏതെങ്കിലും കേസ്സിൽ ഉദ്യോഗസ്ഥർ തടസ്സമുണ്ടാക്കുന്നതായി ചൂണ്ടിക്കാണിച്ചാൽ അതും പരിശോധിക്കുന്നതാണ്. . മെഡിസിനൽ പ്ളാന്റ് ബോർഡിന്റെ സഹായത്തോടെ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 25,000-ത്തോളം ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി എല്ലാ മേഖലയിലും വ്യാപിപ്പിക്കുന്നതാണ്. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ആദിവാസി ഫെഡറേഷനും വനവികസന ഏജൻസികളും ചേർന്ന് വിൽപ്പന നടത്തുന്നുന്നതു കൂടാതെ വനംവകുപ്പിന്റെ എഫ്.ഡി.എ.കളെ കൂട്ടിച്ചേർത്ത് സ്റ്റേറ്റ് തലത്തിൽ വനശ്രീ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വനശ്രീ പദ്ധതി വിപുലപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. കാട്ടാന ശല്യം തടയുന്നതിനായി എൻ.ആർ.ഇ.ജി. പദ്ധതിപ്രകാരം കിടങ്ങുകളും ഫെൻസിംഗും നിർമ്മിക്കുന്നുണ്ടെങ്കിലും കിടങ്ങ് കുഴിക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ കേന്ദ്രത്തിൽ നിന്ന് കൂടുതൽ ഫണ്ട് വാങ്ങി ഫെൻസിംഗ് നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ എം.എൽ.എ-മാരുടേയും ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും സഹായം കൂടി ലഭിച്ചാൽ കൂടുതൽ സ്ഥലങ്ങളിൽ നടത്താൻ കഴിയും. വന്യമൃഗശല്യം നേരിടുന്ന മേഖലകളിൽ നിന്ന് ആദിവാസികളുടെ ഇഷ്ടപ്രകാരം മാത്രമേ അവരെ മാറ്റിപ്പാർപ്പിക്കാൻ പാടുള്ളൂ. വന്യജീവികളുടെ ആക്രമണങ്ങൾ മൂലമുണ്ടാകുന്ന

അപകടങ്ങൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുകയും കുരങ്ങ്, പന്നി അടക്കമുള്ള എല്ലാ വന്യജീവികളുടെയും ആക്രമണങ്ങൾക്ക് നഷ്ട പരിഹാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് കൊടുക്കുന്ന നഷ്ടപരിഹാരം ഒരു ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. പത്തു വയസ്സ് വരെയുള്ള കുട്ടികൾ മരണപ്പെട്ടാൽ പതിനായിരം രൂപ കൊടുക്കുന്നതിനു പുറമേ ഒരു ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് സ്കീമും സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ആദിവാസി ഊരുകളിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി തടയാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെയുള്ള കാംപെയ്നുകളിലൂടെ മാത്രമേ കഴിയുകയുള്ളൂ. വനം, ആഭ്യന്തരം, എക്സൈസ് എന്നീ വകുപ്പു കളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കഴിഞ്ഞ മാസം കൂടുകയും ഈ കാര്യം സംബന്ധിച്ച് ചർച്ച നടത്തുകയും എല്ലാ ജില്ലകളിലും റെയ്ഡ് നടത്താനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. വനഭൂമി കയ്യേറ്റം തട യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ആറളം ഫാമിലെ കാട്ടാന ശല്യം തടയണമെങ്കിൽ ഫെൻസിംഗ് സംരക്ഷിക്കാനായി പ്രദേശവാസിക ളുടെ കൂടി സഹായവും പിൻതുണയും ആവശ്യമാണെന്നും മന്ത്രി അറിയി ച്ചു.

18(*153) <u>ഭക്ഷ്യോപദേശക സമിതിയുടെ പ്രവർത്തനം</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, പൊതുവിതരണ സമ്പ്രദായം കുറ്റമറ്റരീതിയിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ പരാതിക്ക് ഇടവരാത്ത വിധം ലഭി ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ജില്ലാകളക്ടർമാരുടെ നേതൃത്വ

ത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന ഭക്ഷ്യോപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ജില്ലാതല ഭക്ഷ്യോപദേശക സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് പൊതുവിതരണത്തിലെയും പൊതു വിപണിയിലെയും സ്ഥിതിഗതികൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നുണ്ടെന്നും യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണുകയും പരാതികൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരവും വില സംബന്ധിച്ച വിഷയങ്ങളും പാചകവാതക വിതരണത്തിലെ പ്രശ്നങ്ങളും സമിതി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഭക്ഷണസാധനങ്ങളുടെ വിലനിലവാരം ഹോട്ടലുകളിൽ പ്രദർശിപ്പിക്കണമെന്ന് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭക്ഷ്യോപദേശക സമിതികൾ കടകളും സ്റ്റോക്കും ഗോഡൗണുകളും സാധനങ്ങളുടെ ഗുണനിലവാരവും പരിശോധന നടത്തി സർക്കാരിന് ശുപാർശ നൽകുകയും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച് ഭക്ഷ്യോപദേശക സമിതിയിലെ അംഗങ്ങൾ ഉന്നയിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് യഥോചിതമായി കമ്പോളത്തിൽ ഇടപെടുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും സർക്കാർ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രസ്തുത സമിതി പരിശോധിക്കുന്നുണ്ട്. സമിതി അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്ന പരാതികൾ

സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് വിജിലൻസ് വിഭാഗവും അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാർ ചെയർമാന്മാരായി ഭക്ഷ്യോപദേശക സമിതികൾ പുന:സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഭക്ഷ്യോപദേശക സമിതികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനെക്കുറിച്ചും താലൂക്ക് ഭക്ഷ്യോപദേശക സമിതികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്ന കടകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും മാവേലി ഹോട്ടലുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പല ജില്ലകളിലും അവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ശബരി സ്റ്റോറുകളിലേയും മാവേലി സ്റ്റോറുകളിലേയും വിലനിലവാരം ഏകീകരിക്കുന്നതിനാവശ്യമായ ഉത്തരവ് നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് ഉത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1104 മുതൽ 1290 വരെയുള്ള ചോദ്യങ്ങളിൽ 101 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)